**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5963** **16-03-2023 - ൽ മറുപടിയ്ക്ക്**

**മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാൻ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവതലമുറയെ അടിമകളാക്കുന്ന മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാനായി എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | മയക്കുമരുന്ന് ലോബിയെ അമർച്ച ചെയ്യാനായി ശക്തമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനായി വകുപ്പിലെ പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകുന്നതിനായി 33 പുതിയ വാഹനങ്ങൾ ഈ വർഷം അനുവദിച്ചിട്ടുണ്ട്. അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) ആരംഭിയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ട്രൈബൽ മേഖലയിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിന്, 2023-24 വർഷത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി 100 അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ചെക്ക് പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. സ്ഥാപിച്ചു. ബി.എസ്.എൻ.എല്ലുമായി ചേർന്ന് കേന്ദ്രീകൃത മോണിറ്ററിംഗ് സിസ്റ്റം പ്രാവർത്തികമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലാത്തി, ഹാൻഡ്കഫ്, കുട, റെയിൻകോട്ട്, ടോർച്ച്, സിഗ്നൽ ലൈറ്റ് ബാറ്റൺ, ട്രാഫിക് കോൺ, റിഫ്ളക്ടീവ് ജാക്കറ്റ്, ബീച്ച് അംബ്രല്ല, അണ്ടർ വെഹിക്കിൾ മിറർ എന്നീ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നാല് ജില്ലകളിൽ വയർലെസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റു ജില്ലകളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കും.<br><br>പ്രതികളെ ശാസ്ത്രീയമായി ചോദ്യം ചെയ്യുന്നതിനായി 3 സോണുകളിലായി 3 ആധുനിക ചോദ്യം ചെയ്യൽ |

| | | | |
|---|---|---|---|
| | | | മുറികൾ സജ്ജമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ഐ.റ്റി. സെൽ ശാക്തീകരിക്കുകയും സൈബർ സെൽ ആധുനികവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്താനുതകുന്ന 450 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി വിതരണം ചെയ്തു. 1250 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ കൂടി ഈ വർഷം വിതരണം ചെയ്യുന്നതാണ്. |
| (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള മയക്കുമരുന്ന് സംഘങ്ങളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യാൻ ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | മയക്കു മരുന്ന് സംഘങ്ങളുടെ പ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിനായി രഹസ്യ നിരീക്ഷണങ്ങളിലൂടെയും പരാതികളുടെ അടിസ്ഥാനത്തിലും അന്വേഷണം നടത്തി കർശന നടപടികൾ സ്വീകരിച്ച് വരുന്നു. റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിങ് യൂണിറ്റുകൾ, ബോർഡർ പട്രോളിങ് യൂണിറ്റുകൾ, സൈബർ സെല്ലുകൾ, ക്രൈംബ്രാഞ്ച് യൂണിറ്റുകൾ, മേഖല സ്ക്വാഡുകൾ, സംസ്ഥാന സ്ക്വാഡ് എന്നിവ വഴി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് കേസുകളിൽ പ്രതികളാകുന്നവരുടെ മൊബൈൽ ഫോൺ പരിശോധിച്ചും, മറ്റ് മാർഗ്ഗങ്ങളിലൂടെയും ലഹരിയുടെ ഉറവിടം കണ്ടെത്തി അതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പ്രതികളെയും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനും, പരമാവധി ശിക്ഷവാങ്ങി കൊടുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>സ്കൂൾ, കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നതുകണ്ടെത്തുന്നതിനായി Abon Drug Test Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി, ആവശ്യമായ ബോധവത്ക്കരണം നടത്തിവരുന്നു. "Save the Spring" എന്ന പേരിൽ സ്പെഷൽ ഡ്രൈവ് ദിനങ്ങൾ റെയിഞ്ച് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ